ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തളിക്കുളം ഗ്രാമപഞ്ചായത്തിലുൾപ്പെട്ട പത്ത് ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലം ലഭിക്കുന്നതിനായി 28 കോടി രൂപയുടെ പദ്ധതി 2014-ലെ എസ്.എൽ.എസ്.എസ്.സി. (State Level Scheme Sanctioning Committee) യിൽ സമർപ്പിക്കുകയും ടി കമ്മിറ്റി 22 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 22 കോടി രൂപയുടെ പുതുക്കിയ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയിൽ ലഭ്യമായിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

14. കടിവെള്ള പദ്ധതി

ശ്രീ. പി. ടി. എ. റഹീം: സർ, ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കോഴിക്കോട് ജില്ലയിലെ ഉദ്ഘാടനം കഴിഞ്ഞു. പ്രസ്തുത പദ്ധതിയിൽ ആവശ്യമായ ശുദ്ധ ജലത്തിന്റെ ഒരു ഭാഗം സംഭരിക്കുന്നത് ചാലിയാറിന്റെ തീരത്തുള്ള ചാത്തമംഗലം പഞ്ചായത്തിലെ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നാണ്. ആ പ്രദേശത്തേയ്ക്കുകൂടി ഇതിന്റെ ഗുണഫലം ലഭ്യമാക്കണമെന്ന് 3-12-2014-നും 11-3-2015-നും നിയമസഭയിൽ ഞാൻ ആവശ്യപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച് നടപടികൾ സ്വീകരിക്കാമെന്നും ഒരു കമ്മിറ്റിയെ വച്ച് ഇക്കാര്യത്തിൽ സാധ്യതാപഠനം നടത്താമെന്നും പറഞ്ഞിരുന്നു. പക്ഷേ, ഇതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ലായെന്നുള്ളതാണ് എനിക്ക് ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കോഴിക്കോട് നഗരത്തിന്റെയും സമീപ പഞ്ചായത്തുകളിലെയും ശുദ്ധജലക്ഷാമത്തിന് പരിഹാരമെന്ന നിലയിൽ രൂപകൽപ്പന ചെയ്യപ്പെട്ടതാണ് 'ജിക്ക' സഹായത്തോടെയുള്ള കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതി. കോഴിക്കോട് കോർപ്പറേഷനും ബാലുശ്ശേരി, നന്മണ്ട, നരിക്കുനി, കാക്കൂർ, ചേളന്നൂർ, കക്കോടി, തലക്കുളത്തൂർ, കുരുവട്ടൂർ, കുന്നമംഗലം, പെരുവയൽ, പെരുമണ്ണ, ഒളവണ്ണ, കടലുണ്ടി എന്നീ പഞ്ചായത്തുകൾക്കുംവേണ്ടിയാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ഈ പ്രദേശത്തെ കുടിവെള്ള പ്രശ്നപരിഹാരത്തിന് 246 ദശലക്ഷം ലിറ്റർ വെള്ളമാണ് പ്രതിദിനം ആവശ്യമുള്ളത്. അതിൽ ഇപ്പോൾ പ്രവൃത്തി പൂർത്തിയാക്കിയ പെരുമണ്ണാമുഴിയിലെ ശുദ്ധീകരണശാലയിൽനിന്ന് ലഭിക്കുന്ന 174 ദശലക്ഷം ജലവും കോഴിക്കോട് നഗരത്തിൽ ഇപ്പോൾ കുടിവെള്ളം നൽകിവരുന്ന മാവൂരിലെ

LIBRARY ARCHIVES Kerala Legislative Assembly

പുളിമാടിൽനിന്ന് ലഭിക്കുന്ന 72 ദശലക്ഷം ജലവുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് ജിക്ക പദ്ധതി പ്രദേശത്ത് ശുദ്ധജലവിതരണം നടത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി മാവൂർ പുളിമാട്ടുള്ള ശുദ്ധീകരണശാലയുടെയും പൈപ്പ് ലൈനുകളുടെയും മറ്റും പുനരുദ്ധാരണ പ്രവൃത്തിയും ജിക്കാ പദ്ധതിയുടെ ഭാഗമായി പൂർത്തിയായിവരുന്നു. മേൽപ്പറഞ്ഞ 246 എം.എൽ.ഡി. വെള്ളത്തിന്റെ ആവശ്യം 2030-ലേയ്ക്കുള്ളതാണ്. ഇപ്പോൾ ഏതാണ്ട് 110 എം.എൽ.ഡി. വെള്ളമാണ് ഉപയോഗിക്കുന്നത്. മാവൂരിലെ പ്ലാന്റിൽനിന്ന് മാവൂർ, ചാത്തമംഗലം പഞ്ചായത്തുകളിലേയ്ക്ക് വെള്ളം നൽകാനുള്ള സാധ്യതാ പഠനത്തിനുള്ള നിർദ്ദേശം കൊടുത്തെങ്കിലും അത് പൂർത്തിയായിട്ടില്ല. ഈ പഠനം ഒരു മാസത്തിനുള്ളിൽ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

15. പരീക്ഷാ നടത്തിപ്പ്

<u>ശ്രീ. രാജു എബ്രഹാം:</u> സർ, സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് പരീക്ഷ അനിശ്ചിതമായി നീട്ടിവയ്ക്കാൻ വേണ്ടിയുള്ള നടപടിക്ക് പരിഹാരമുണ്ടാക്കണമെന്നാവശ്യപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇന്നലെ ഇതുസംബന്ധിച്ച് തീരുമാനമെടുത്തുവെങ്കിലും തീയതി വ്യക്തമാക്കിയിട്ടില്ല. അത് സംബന്ധിച്ച തീയതി വ്യക്തമാക്കണം. സംസ്ഥാനത്ത് എഞ്ചിനീയറിംഗ് പഠനം നവീകരിക്കപ്പെടുന്നില്ലായെന്നും നിലവാരമില്ലായെന്നുമുള്ള ആശങ്കയുണ്ട്. അന്യസംസ്ഥാനങ്ങളിലേയ്ക്ക് കുട്ടികൾ ചേക്കേറുന്നുണ്ട്. സ്വന്തമായി ഒരു സോഫ്റ്റ്വെയർ പോലും ഉണ്ടാക്കാത്ത സാങ്കേതിക സർവ്വകലാശാല നമുക്ക് നാണക്കേടാണ്. സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാതെ സാങ്കേതിക സർവ്വകലാശാലതന്നെ സോഫ്റ്റ്വെയർ വികസിപ്പിച്ച് പരീക്ഷയുടെ തീയതി പ്രഖ്യാപിക്കാൻ തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): സർ, എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ ഒന്നാം സെമസ്റ്റർ എഞ്ചിനീയറിംഗ് പരീക്ഷകൾ ഓൺലൈൻ സംവിധാനത്തിൽ 2015 ഡിസംബർ 4-ന് നടത്തുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഓൺലൈൻ സംവിധാനത്തെ സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളിൽനിന്ന് എതിർപ്പുകൾ ഉയർന്നതിനെ തുടർന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ 2015 ഡിസംബർ 7-ാം തീയതി 3 മണിക്ക് അദ്ധ്യാപക-വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെ യോഗം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ഉന്നത

LIBRARY ARCHIVES Kerala Legislative Assembly